# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1228 07.06.2018 ൽ മറുപടിക്ക്

## സൗഹൃദ കെട്ടിട നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ. ശശി | ശ്രീ.ജി.സുധാകരൻ (ബഹു:പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ പ്രഖ്യാപിച്ച സൗഹൃദ കെട്ടിട നിർമ്മാണം നടപ്പാക്കാനുള്ള പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ; | (എ) തിരുവനന്തപുരത്ത് നേമത്ത് പണിയുവാനുദ്ദേശിക്കുന്ന രജിസ്ട്രേഷൻ സമുച്ചയത്തിനും, പത്തനംതിട്ട കളക്ടറുടെ ഔദ്യോഗിക വസതിക്കും ഗൃഹയുടെ (ഗ്രീൻ റേറ്റിംഗ് ഫോർ ഇന്റഗ്രേറ്റഡ് ഹാബിറ്റാറ്റ് അസസ്മെന്റ്) റേറ്റിംഗ് ലഭിക്കുന്നതിലേക്കായി പ്രാരംഭ രജിസ്ട്രേഷൻ നടത്തിക്കഴിഞ്ഞു |
| (ബി) മരാമത്ത് ഡിസൈൻ വിഭാഗത്തെ ശക്തിപ്പെടുത്തി, ആധുനിക സംവിധാനങ്ങൾ ഒരുക്കി പുതുമയുള്ള ശില്പ മാതൃകകളിലൂടെ ആർക്കിടെക്റ്റ് വിഭാഗത്തെ പുനഃസംഘടിപ്പിക്കാനുള്ള നടപടി ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ? | (ബി) കഴിഞ്ഞ രണ്ട് വർഷക്കാലയളവിനുള്ളിൽ നവീന രൂപകല്പന ആശയങ്ങളും നിർമ്മാണ സങ്കേതങ്ങളും അവലംബിച്ചു കൊണ്ട് നവീനവും കാലാനുസൃതവുമായ രൂപകല്പനകളാണ് കെട്ടിട നിർമ്മാണത്തിന് സ്വീകരിച്ചിട്ടുള്ളത്. ആർക്കിടെക്ചർ വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ ഫലപ്രദമായി ഏകോപിപ്പിക്കുകയും കൃത്യമായി അവലോകനം ചെയ്യുകയും വഴി മുൻ വർഷങ്ങളെ അപേക്ഷിച്ച് ഈ രണ്ട് വർഷങ്ങളിൽ ഇരട്ടിയിലധികം നിർമ്മിതികളുടെ രൂപരേഖകൾ തയ്യാറാക്കുവാൻ വിഭാഗത്തിന് കഴിഞ്ഞിട്ടുണ്ട്. ഓരോ ജില്ലയുടേയും ചുമതല പൂർണ്ണമായും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഗ്രേഡിലുള്ള ഓരോ ആർക്കിടെക്റ്റിന് നൽകുക വഴി അതാത് ജില്ലകളിലെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നിർവ്വഹിക്കുവാൻ കഴിയുന്നുണ്ട്. ഹരിത |

നിർമ്മാണ സാങ്കേതിക വിദ്യയിൽ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് ആവശ്യമുള്ള പരിശീലനം നൽകുകയും അവ നിർമ്മിക്കുവാനും വിലയിരുത്തുവാനുമുള്ള യോഗ്യത നേടുകയും ചെയ്തിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിലെ കാലതാമസം ഒഴിവാക്കുന്നതിനായി കെട്ടിടങ്ങൾ സ്റ്റീൽ ഉപയോഗിച്ച് (കോംബോസിറ്റ് കൺസ്ട്രക്ഷൻ) നിർമ്മിക്കുവാനുള്ള നടപടികൾ തുടങ്ങിയിട്ടുമുണ്ട്.

**സെക്ഷൻ ഓഫീസർ**